പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 13 — 23.01.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ സാമ്പത്തിക പ്രതിസന്ധി

**ചോദ്യം**

ശ്രീമതി. സി.കെ.ആശ

ശ്രീ. മുല്ലക്കര രത്നാകരൻ

" ആർ. രാമചന്ദ്രൻ

" മുഹമ്മദ് മുഹസിൻ പി.

**ഉത്തരം**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച യഥാർത്ഥ ചിത്രം വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ശരാശരി വരവും ചെലവും ചുവടെ ചേർക്കുന്നു. |

| വരവ് | (തുക കോടി രൂപയിൽ) |
|---|---|
| പ്രതിമാസ വരുമാനം | 170 |

| ചെലവ് | (തുക കോടി രൂപയിൽ) |
|---|---|
| ഡീസൽ ലൂബ്രിക്കന്റ് | 94 |
| ശമ്പളവും വേതനവും | 86 |
| പെൻഷൻ | 60 |
| പെൻഷൻ ആനുകൂല്യങ്ങൾ | 6 |
| വായ്പാതിരിച്ചടവുകൾ | 87 |
| ടയറും,സ്പെയറുകളും വാങ്ങുന്നതിന് | 10 |
| മറ്റിനങ്ങൾ | 10 |
| ആകെ | 353 |
| പ്രതിമാസ വരവ്-ചെലവ് അന്തരം | 183 |

കെ.എസ്.ആർ.ടി.സി.യുടെ വരവും ചെലവും തമ്മിൽ പൊരുത്തപ്പെടാനാവാത്ത

| | | | |
|---|---|---|---|
| | | | ഗുരുതരമായ സാമ്പത്തിക അന്തരമാണുള്ളത്. കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ തുടങ്ങിയ കാലംമുതൽ റവന്യൂ വരുമാനത്തിൽ നിന്നുമാണ് നൽകിവരുന്നത്. എന്നാൽ റവന്യൂ അക്കൗണ്ടിൽ ടി ആവശ്യത്തിന് പണം ലഭ്യമല്ലാതിരുന്നതിനാൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പലിശയ്ക്ക് കടം വാങ്ങേണ്ടതായി വന്നിരുന്നു. ടി കടവും അതിന്റെ തിരിച്ചടവും വർദ്ധിച്ചു വരികയും ചെയ്യുന്നു. ഇപ്പോൾ കടത്തിന്റെ തിരിച്ചടവും ദൈനംദിന ചെലവും കഴിച്ചാൽ റവന്യൂ വരുമാനത്തിൽ നിന്നും മിച്ചം ഒന്നുംതന്നെ ഇല്ല എന്നതാണ് വസ്തുത. അതിനാൽ പെൻഷനു മാത്രമല്ല ശമ്പളത്തിനു പോലും സർക്കാരിനേയോ, വായ്പയേയോ പൂർണ്ണമായും ആശ്രയിക്കേണ്ടുന്ന അവസ്ഥയാണ് കഴിഞ്ഞ നാലഞ്ച് വർഷമായി നിലനിൽക്കുന്നത്. കഴിഞ്ഞ ഒരു മാസത്തിനിടയിൽ ഡീസലിന്റെ വിലയിൽ ഒരു ലിറ്ററിന് 7 രൂപയിലധികം വർദ്ധനവുണ്ടായി. ഇതുമൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രതിമാസം 10 കോടി രൂപയുടെ അധിക ചെലവാണ് ഉണ്ടാകുന്നത്.<br>2017 ജൂൺ, സെപ്റ്റംബർ എന്നീ മാസങ്ങളിൽ 10,000 രൂപയിലധികം പെൻഷൻ വാങ്ങുന്നവർക്ക് 10,000 രൂപ കഴിച്ച് ബാക്കി തുക നൽകുവാനുണ്ട്. 2017 ഡിസംബർ, 2018 ജനുവരി എന്നീ മാസങ്ങളിലെ പെൻഷനും വിതരണം ചെയ്യുവാനുണ്ട്. എന്നാൽ എല്ലാ മാസവും കെ.എസ്.ആർ.ടി.സിക്ക് നൽകുമെന്ന് ഗവൺമെന്റ് |

| | | | |
|---|---|---|---|
| | | | സമ്മതിച്ചിട്ടുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുകയിലും അധികം തുക സർക്കാർ ഇതിനകം നൽകിയിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി.യിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (ബി) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനായി കൊൽക്കത്ത ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ പ്രൊഫസറായ ശ്രീ.സുശീൽ ഖന്നയെ, സർക്കാർ ഉത്തരവ് G.O.(Rt)No.367/2016/Trans തീയതി 24.09.2016 പ്രകാരം വിശദപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തുകയും അദ്ദേഹം പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.യുടെ വരുമാന വർദ്ധനവിനും, കാര്യക്ഷമമായ പ്രവർത്തനത്തിനും ഉതകുന്ന രീതിയിൽ സമഗ്ര പുനരുദ്ധാരണം നടപ്പാക്കുന്നതിന്റെ ഭാഗമായി ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുകയും ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിക്കുകയും ചെയ്തു. എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലി സമയം 8 മണിക്കൂറായി പുനഃക്രമീകരിക്കുകയും ആയതിന്റെ ഭാഗമായി ഓഫീസർമാരുടെയും മിനിസ്റ്റീരിയൽ ജീവനക്കാരുടെയും പ്രവർത്തി സമയം രാവിലെ 10:00 മണിമുതൽ വൈകുന്നേരം 05:00 മണിവരെ ആയിരുന്നത് രാവിലെ 09:30 മുതൽ വൈകുന്നേരം 05:30 മണിവരെയായും, ഓരോ വിഭാഗം ജീവനക്കാരുടെയും ജോലി |

| | | | |
|---|---|---|---|
| | | | സമയം ഉചിതമാംവണ്ണം പുനഃക്രമീകരിക്കുകയും ചെയ്തു. വർക്ക്ഷോപ്പുകളുടെ പ്രവർത്തനം, ടയർ റിട്രെഡിംഗ്, എൻജിൻ റീകണ്ടീഷനിംഗ്, വാഹന ഉപയോഗ നിരക്ക് എന്നീ കാര്യങ്ങളിൽ ദേശീയ ശരാശരിയ്ക്ക് ഒപ്പമെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഇന്ധന ഉപയോഗക്ഷമത (KMPL) ദേശീയ ശരാശരിക്കൊപ്പം എത്തിക്കുന്നതിനും കൂടുതൽ ഇന്ധനക്ഷമത കൈവരിക്കുന്ന ഡ്രൈവർമാർക്ക് ഇൻസെന്റീവ് നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. ഇത്തരത്തിൽ പരീക്ഷണാർത്ഥം നടപ്പിൽ വരുത്തിയ പുനഃക്രമീകരണങ്ങളിലൂടെ ജീവനക്കാരുടെ ജോലിയിലും കോർപ്പറേഷന്റെ വരുമാനത്തിലും സാരമായ മാറ്റങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കോർപ്പറേഷന്റെ നിലവിലെ പരിതാപകരമായ അവസ്ഥ മാറ്റിയെടുക്കേണ്ടത് തൊഴിലാളികളുടെ ആവശ്യകതയാണെന്ന് ബോധ്യപ്പെടുത്തിയിട്ടുള്ളതിനാൽ പുനരുദ്ധാരണ പദ്ധതികളിൽ തൊഴിലാളികളുടെ പങ്കാളിത്തം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. സാമ്പത്തിക പുന:ക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | വിരമിച്ച ജീവനക്കാർക്ക് യഥാ സമയം പെൻഷൻ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.യുടെ ചെലവിലെ ഒരു പ്രധാനപ്പെട്ട ഇനം കടത്തിന്റെ തിരിച്ചടവാണ്. ടി തിരിച്ചടവിൽ മാറ്റംവരുത്തുന്നതിനായി കൂടിയ പലിശ നിരക്കിലും ഹ്രസ്വകാലാവധിയുള്ളതുമായ വായ്പകളെ കുറഞ്ഞ പലിശനിരക്കിലും കൂടിയ കാലാവധിയുള്ളതുമായ വായ്പകളാക്കി മാറ്റുന്നതിനായി ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് വായ്പകളുടെ പുനഃക്രമീകരണത്തിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. വായ്പാ പുനഃക്രമീകരണം നടപ്പിലാക്കിയാൽ പെൻഷൻ മുടക്കംകൂടാതെ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പെൻഷൻ തുക നൽകുന്നതിന് പ്രത്യേക ഫണ്ടോ പദ്ധതിയോ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**